# പാറശ്ശാല

## ഭദ്രാസന ബുള്ളറ്റിൻ

വാല്യം 7 സെപ്തം – ഒക്ടോ. നവം 2024 ലക്കം 4

TO BE EVERYTHING TO EVERYONE IN CHRIST

*Patron*
His Excellency
Thomas Mar Eusebius

*Chief Editor*
Fr. Abin Mullackal

*Managing Editor*
Msgr. Selin Jose
Konathuvila

*Printed & Published By*
Very Rev. Fr. Bijoy
Ooralivila

*(Private Circulation Only)*

**ഉള്ളടക്കം**

| | |
|---|---|
| ഇടയശബ്ദം | 2 |
| സർക്കുലർ | 5 |
| സഭാ വാർത്തകൾ | 8 |
| ഭദ്രാസന വാർത്തകൾ | 10 |
| എം.സി.വൈ.എം. | 18 |
| കെ.സി.എസ്.എൽ. | 20 |
| കുടുംബപ്രേഷിത കാര്യാലയം | 20 |
| എം.സി.എ. | 21 |
| എം.സി.എം.എഫ്. | 22 |
| സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ | 25 |
| ബൈബിൾ അപ്പസ്തോലേറ്റ് | 26 |
| ക്ഷേമ | 27 |

# ഇടയശബ്ദം



സ്നേഹമുള്ള സഹോദരി സഹോദരന്മാരെ,

പാറശ്ശാല ഭദ്രാസനം സ്ഥാപിതമായിട്ട് നാം ഏഴു വർഷങ്ങൾ പിന്നിട്ടു. അനന്തമായ ദൈവപരിപാലനയുടെ അനുഭവങ്ങളാണ് ഈ ഏഴു വർഷങ്ങൾ നമുക്ക് സമ്മാനിച്ചത്. വലിയ പരിമിതികളുടെ മധ്യേ നാം ആരംഭിച്ച ഭദ്രാസന ശുശ്രൂഷകൾ നമ്മെ അതിശയിപ്പിക്കുന്ന ദൈവിക സദ്ഫലങ്ങൾ ഉളവാക്കുവാൻ ദൈവകരുണ കാരണമായി. നമ്മുടെ കുടും ബങ്ങളിലെ ദൈവ കൃപാനുഭവത്തിന്റെ വർദ്ധനവ്, നമ്മുടെ ഇടവക കളുടെ സഭാത്മക സമഗ്രത, ഭദ്രാസന ശുശ്രൂഷകൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ ക്രമീകരണം, ഇവയൊക്കെയായിരുന്നു, ഒരു പുതിയ ഭദ്രാസനം എന്ന നിലയിൽ നമ്മുടെ പ്രഥമ പരിഗണന. ഈ തലങ്ങളിലൊക്കെ ദൈവത്തിന്റെ സ്നേഹപരിപാലന നാം സമൃദ്ധ മായി അനുഭവിച്ചു. നമ്മുടെ വിശ്വാസി സമൂഹത്തിന്റെയും സന്യസ്തരു ടെയും വൈദികരുടെയും ആത്മാർത്ഥമായ സമർപ്പണവും ത്യാഗഭരിത മായ അധ്വാനവും ദൈവപരിപാലനയോട് സഹകരിച്ചപ്പോൾ നമ്മുടെ മധ്യേ ദൈവകൃപ സമൃദ്ധമാകുന്ന അനുഭവം നമുക്കുണ്ടായി. നാമനുഭ വിക്കുന്ന ദൈവസ്നേഹത്തെ ഓർത്ത് ദൈവത്തെ നമുക്ക് നിരന്തരം മഹത്വപ്പെടുത്താം.

ഒരു ഭദ്രാസനം എന്ന നിലയിൽ നാം ഏറ്റെടുത്ത സവിശേഷമായ ഒരു ശുശ്രൂഷയായിരുന്നല്ലോ 94-ാം പുനരൈക്യ വാർഷികാഘോഷവും സഭാ സംഗമവും. ഇത്ര ബൃഹത്തായ ഒരു ആഗോള സഭാസംഗമത്തിന് ആതിഥ്യമരുളുവാൻ നമ്മുടെ ഭദ്രാസനം തിരഞ്ഞെടുക്കപ്പെട്ടു എന്നതു തന്നെ, ഒരു പുതിയ ഭദ്രാസനം എന്ന നിലയിൽ വളരെ കുറഞ്ഞ കാലയ ളവിനുള്ളിൽ നാം ആർജ്ജിച്ച സഭാത്മക പക്വതയുടെ തെളിവായിരുന്നു. 2024 സെപ്റ്റംബർ മാസം 20, 21 തീയതികളിൽ നമ്മുടെ വെങ്ങാനൂർ സ്കൂൾ പരിസരത്ത് വച്ച് നടത്തപ്പെട്ട ആഘോഷങ്ങൾ ഏവർക്കും തികച്ചും അനുഗ്രഹീതമായ ഒരു അനുഭവമായി മാറി. പല കാരണങ്ങ ളാൽ സവിശേഷതകൾ ഉൾക്കൊള്ളുന്ന ഒരു ആഘോഷമായി അത് വിലയിരുത്തപ്പെട്ടു. സംബന്ധിച്ച വിശ്വാസികളുടെ ബാഹുല്യം,

ക്രമീകരണങ്ങളുടെ കൃത്യത, ഭദ്രാസനത്തിലെ വിവിധ ശുശ്രൂഷാസംഘങ്ങളുടെ കൂട്ടായ പ്രവർത്തനം, സമയബന്ധിതമായ പരിപാടികൾ, ശുശ്രൂഷകളിലുടനീളം പുലർന്ന ആത്മീയ ചൈതന്യം, ശ്രദ്ധയോടുകൂടിയ സാമ്പത്തിക ക്രമീകരണം മുതലായവ ഈ സവിശേഷതകളിൽ ചിലതുമാത്രം.

നമ്മുടെ വിശ്വാസീസമൂഹത്തിന്റെയും, സന്യസ്തരുടെയും, വൈദികരുടെയും കലവറയില്ലാത്ത സഹകരണവും ത്യാഗവും ഒരുമയോടുകൂടിയ പ്രവർത്തനവും ഈ ആഘോഷങ്ങളുടെ ചൈതന്യത്തിന് ഒരു പ്രധാന കാരണമായി. പ്രധാനമായും മൂന്നു തലങ്ങളിലായിരുന്നു നമ്മുടെ കുടുംബങ്ങളും ഇടവകകളും ഈ ശുശ്രൂഷകളോട് സഹകരിക്കുവാൻ നാം അഭ്യർത്ഥിച്ചിരുന്നത്; അതായത്, പ്രാർത്ഥനാസഹായം, സാമ്പത്തിക സഹായം, സജീവമായ സാന്നിധ്യം. ഈ മൂന്ന് കാര്യങ്ങളിലും നമ്മുടെ ദൈവജനത്തിന്റെ സഹകരണം സമാനതകളില്ലാത്തതായിരുന്നു. മാസങ്ങൾക്ക് മുമ്പേ നമ്മുടെ കുടുംബങ്ങളിലും പള്ളികളിലും സന്യാസഭവനങ്ങളിലും ഈ ശുശ്രൂഷയുടെ അനുഗ്രഹത്തിനായി നാം പ്രാർത്ഥന ആരംഭിച്ചു. തീർത്തും സാമ്പത്തിക പരിമിതി അനുഭവിക്കുന്ന നമ്മുടെ കുടുംബങ്ങളിൽ നിന്നും ഏതാണ്ട് 35 ലക്ഷം രൂപ ഈ ആവശ്യത്തിനായി സംഭരിക്കുവാൻ നമുക്ക് സാധിച്ചു. ഏറ്റവും അധികം വിശ്വാസികൾ സംബന്ധിച്ച പുനരൈക്യ വാർഷിക സഭാസംഗമം എന്ന് വിശേഷിപ്പിക്കപ്പെട്ട ഈ കൂടിവരവിൽ സംബന്ധിച്ചവരിൽ ഏതാണ്ട് 80 ശതമാനവും നമ്മുടെ ഭദ്രാസനാംഗങ്ങൾ തന്നെയായിരുന്നു എന്നതും ശ്രദ്ധേയമാണ്. നിങ്ങളേവരോടും ഭദ്രാസനാധ്യക്ഷൻ എന്ന നിലയിലുള്ള ആത്മാർത്ഥമായ നന്ദി ഞാൻ രേഖപ്പെടുത്തുന്നു. വിവിധ കമ്മിറ്റികൾക്ക് നേതൃത്വം നൽകിയ വൈദികർ, സന്യസ്തർ, അൽമായവിശ്വാസികൾ എന്നിവരോടും, പൊതു ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകിയ ബഹുമാനപ്പെട്ട ഭദ്രാസന വികാരിജനറാൾ അച്ചനോടും പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയോടും മേരിമക്കൾ സന്യാസിനി സമൂഹത്തിലെ വെണ്ണിയൂർ പ്രൊവിൻഷ്യൽ സുപ്പീരിയറിനോടുമുള്ള നന്ദി പ്രത്യേകമായി അറിയിക്കുന്നു.

വളരെ ചാരിതാർത്ഥ്യമുള്ള ഒരു കാര്യം, ഈ ആഘോഷങ്ങളുമായി ബന്ധപ്പെട്ട് നാം ചെയ്യുവാൻ ആഗ്രഹിച്ച ജീവകാരുണ്യ ശുശ്രൂഷയാണ്.

പല ഉദാരമതികളുടെ സംഭാവനയും ആഘോഷങ്ങളുടെ ക്രമീകരണത്തിൽ നാം പുലർത്തിയ സാമ്പത്തിക അച്ചടക്കവും ഒന്ന് ചേർന്നപ്പോൾ ഏതാണ്ട് 45 ലക്ഷം രൂപ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി നമുക്ക് മിച്ചമായി ലഭിച്ചു. ഈ പണം നമ്മുടെ ഭദ്രാസനത്തിലെ നഴ്സിങ് അഥവാ പാരാമെഡിക്കൽ വിദ്യാഭ്യാസം നടത്തുന്ന 45 വിദ്യാർഥികൾക്ക് തുല്യമായി നൽകുവാനാണ് നാം ആഗ്രഹിക്കുന്നത്. ബഹുമാനപ്പെട്ട ജില്ലാ വികാരിമാരുടെ സഹായത്തോടെ ഈ പണം അർഹരായവർക്ക് വിതരണം ചെയ്യുവാനുള്ള ക്രമീകരണങ്ങൾ നടക്കുകയാണ്. സംഭാവനകൾ നൽകിയ എല്ലാവരെയും നന്ദിയോടെ ദൈവസന്നിധിയിൽ ഓർക്കുന്നു.

താമസിയാതെ നാം നമ്മുടെ കർത്താവിന്റെ ജനനപെരുനാൾ ആഘോഷത്തിന്റെ ആധ്യാത്മികഒരുക്കത്തിനുള്ള 25 നോമ്പിലേക്ക് പ്രവേശിക്കുകയാണല്ലോ. തീവ്രമായ പ്രാർഥന, ആത്മനിയന്ത്രണം, പ്രത്യേകമായ ജീവകാരുണ്യപ്രവർത്തനങ്ങൾ ഇവയുടെ അനുഷ്ഠാനത്തിലൂടെ കൂടുതൽ വിശുദ്ധമായ ആന്തരികത ഉൾക്കൊണ്ടുകൊണ്ട് കർത്താവിന്റെ ജനനപ്പെരുനാൾ ആഘോഷിക്കുവാൻ നമുക്ക് സന്നദ്ധരാകാം.

കാരുണ്യവാനായ ദൈവം നാമേവരെയും നമ്മുടെ കുടുംബങ്ങളെയും നമ്മുടെ കൂട്ടായ്മകളെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ. പരിശുദ്ധ ദൈവമാതാവിന്റെയും വിശിഷ്യാ നമ്മുടെ ഭദ്രാസനത്തിന്റെ സ്വർഗീയ മധ്യസ്ഥയായ കൽക്കട്ടായിലെ വിശുദ്ധ തെരേസായുടെയും സാന്നിധ്യവും സംരക്ഷണവും നമുക്ക് ബലമായിരിക്കട്ടെ

+ Eusebius

✠ തോമസ് മാർ യൗസേബിയോസ്

No. 4063/K-5/KCBC/OL/DS 08.11.2024

## ബൈബിൾ പാരായണമാസവും ബൈബിൾ ഞായറാചരണവും സംബന്ധിച്ച് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

വചനം മാംസം ധരിച്ചതിന്റെ 2025 ജൂബിലി വർഷത്തിലേക്ക് ആഗോള സഭ പ്രവേശിക്കുന്നു. ക്രിസ്തുമസ് രാവിനെ വരവേൽക്കുവാൻ ഡിസംബർ മാസം മുഴുവൻ ബൈബിൾ പാരായണമാസമായും, ഡിസംബർ 22 "ബൈബിൾ ഞായറായും' ആചരിച്ചുകൊണ്ട് കേരള കത്തോലിക്കാ സഭയും ഒരുങ്ങുകയാണ്. കേരളസഭ മറ്റൊരു അപൂർവമായ ഒരു ജൂബിലി നേട്ടത്തിലേക്ക് പ്രവേശിക്കുന്നു. ലോകത്തിലെതന്നെ ഏറ്റവും വലിയതെന്നു കരുതപ്പെടുന്ന ലോഗോസ് ദൈവവചന ക്വിസ്സിന്റെ 25 വർഷം പൂർത്തീകരിക്കുന്നു.

വി. പൗലോസ് അപ്പസ്തോലൻ റോമാക്കാർക്ക് എഴുതിയ ലേഖനത്തിലെ 5, 5 ൽനിന്നുള്ള 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' 'spes non confudit' എന്ന തിരുവചനമാണ് 2025 ജൂബിലി വർഷത്തിലെ തിരുവെഴുത്തിന്റെ കേന്ദ്രവിഷയമായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ തെരഞ്ഞെടുത്തിരിക്കുന്നത്. ക്രിസ്തുവിലുള്ള രക്ഷയെക്കുറിച്ചുള്ള സുനിശ്ചിതാവസ്ഥ ഏത് പ്രതിസന്ധിഘട്ടത്തെയും തരണം ചെയ്യാമെന്നുള്ള പ്രത്യാശ നമുക്കു പകരും. ജൂബിലിയെന്നുള്ളത് നമ്മുടെ രക്ഷയുടെ 'കവാടമായ' (cf യോഹ 10, 7-9) യേശു ക്രിസ്തുവുമായുള്ള യഥാർഥവും വ്യക്തിപരവുമായ കണ്ടുമുട്ടലിന്റെ അവസരമാണ്. 'നമ്മുടെ പ്രത്യാശ'യായ (1 തിമോ 1,1) ക്രിസ്തുവിനെ പ്രഘോഷിക്കുകയാണ് സഭയുടെ ഉത്തരവാദിത്വം. നാളെ എന്തായിരിക്കും എന്ന അനിശ്ചിതത്വം മനസിൽ നിറയുമ്പോഴും എല്ലാം നന്മയ്ക്കായി ഭവിക്കും (റോമാ 8,28) എന്ന "പ്രത്യാശ" നമ്മെ വഴിനടത്തുന്നു. ഈ 'പ്രത്യാശ' ക്രിസ്തുവാണ്. 'നമ്മുടെ പ്രത്യാശ'യായ (1 തിമോ 1,1) യേശുക്രിസ്തുവിനെ കണ്ടെത്തുവാൻ ദൈവവചനം നമ്മെ സഹായിക്കുന്നു.

ക്രൈസ്തവജീവിതം ഈ പ്രത്യാശയെ കണ്ടെത്തുന്നതിനും അനുഭവിക്കുന്നതിനും നിലനിറുത്തുന്നതിനുമുള്ള കൂടുതൽ തീക്ഷ്ണമായ നിമിഷങ്ങൾ ആവശ്യപ്പെടുന്ന ഒരു യാത്രയാണ്. "കർത്താവിൽ പ്രത്യാശയർപ്പിക്കുവിൻ, ദുർബലരാകാതെ ധൈര്യമവലംബിക്കുവിൻ, കർത്താവിന് വേണ്ടി കാത്തിരിക്കുവിൻ' (സങ്കീ 27,14) എന്ന സങ്കീർത്തനവചനം തീർഥാടകരായ ഓരോ വിശ്വാസിക്കും പ്രതീക്ഷയുടെ വെളിച്ച

മാകട്ടെ. ആരെയും നിരാശപ്പെടുത്താത്ത നമ്മുടെ പ്രത്യാശയായ യേശു ക്രിസ്തുവിന്റെ സുവിശേഷത്തിലേക്ക് എല്ലാവരേയും കൊണ്ടുവരുന്നതിനുള്ള പരിശ്രമങ്ങളിൽ കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതാ ബൈബിൾ അപ്പസ്തോലേറ്റുകൾക്കും നിർണായകമായ പങ്കാണ് നിർവഹിക്കാനുള്ളത്. 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' എന്ന ദൈവവചനത്തെ ഹൃദയത്തിൽനിറച്ച് ഈ വർഷത്തെ ബൈബിൾ പാരായണമാസത്തെയും ജൂബിലി വർഷത്തെയും നമുക്ക് വരവേൽക്കാം. പ്രത്യാശ മാംസം ധരിച്ച യേശുവിന്റെ തിരുപ്പിറവിക്കായി ദൈവവചന പാരായണ മാസത്തിലൂടെ, നമുക്ക് ഒരുങ്ങാം. "പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' എന്ന തിരുവെഴുത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യാശയുടെ കാരണം കണ്ടെത്താൻ ദൈവവചന പാരായണത്തിലൂടെയും വചന വിചിന്തനത്തിലൂടെയും നമുക്കു പരിശ്രമിക്കാം.

**കേരള കത്തോലിക്കാസഭയും ബൈബിൾ ശുശ്രൂഷയും**

കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതകളിലെ ബൈബിൾ അപ്പസ്തോലേറ്റും ചേർന്ന് വിവിധങ്ങളായ ബൈബിൾ അധിഷ്ഠിത പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. വചന ചൈതന്യം സജീവമായി നിറഞ്ഞുനില്ക്കുന്ന കേരളസഭ ആഗോളസഭയ്ക്ക് മാതൃകയും പ്രചോദനവുമാണ്. ഈ ജൂബിലി വർഷത്തിൽ വചനനിറവിലേക്ക് കേരളസഭയെ നയിക്കുന്നതിനായി വൈവിധ്യമാർന്ന ബൈബിൾ ശുശ്രൂഷകൾ ഫലപ്രദമായി ചെയ്തുവരുന്നു. മലയാളം ബൈബിളിന്റെ ശ്രവ്യരൂപവും സൈൻബൈബിളും ഇന്ന് നമുക്ക് ലഭ്യമാണ്. പി.ഒ.സി. ബൈബിൾ സമ്പൂർണ്ണമായി പരിഷ്ക്കാരം നടത്തി പ്രസിദ്ധീകരിച്ചു. ലക്ഷങ്ങൾ പങ്കെടുക്കുന്ന ലോഗോസ് ക്വിസ് ഇപ്പോൾ കുടുംബങ്ങൾക്കായി ഫാമിലി ലോഗോസും കേൾവിബുദ്ധിമുട്ടുള്ളവർക്കുവേണ്ടിയുള്ള പ്രത്യേക ലോഗോസ് പരീക്ഷയും ഉൾചേർത്ത് വിപുലമാക്കിയിട്ടുണ്ട്. ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിൽ ആഴത്തിൽ ബൈബിൾ വിജ്ഞാനംപകരുന്ന അംഗത്വം 14000 കടന്നു. ബൈബിളിലെ വിവിധ പുസ്തകങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിരിക്കുന്ന യൂട്യൂബ് - വീഡിയോ ക്ലാസ്സുകൾ ഓൺലൈനിൽ ലഭ്യമാണ്. വചനനിറവിനായി ബൈബിൾ ക്ലാസ്സുകളും ബൈബിൾ ആധ്യാത്മിക പരിശീ ലന കോഴ്സുകളും ഫലപ്രദമായി നടക്കുന്നു. ബൈബിൾ അഖണ്ഡപാരായണവും, വചനമെഴുത്തും ഒരു ആധ്യാത്മികചര്യ ആക്കാനുള്ള പരിശ്രമങ്ങൾ ചെയ്തുവരുന്നു. ഓരോ കുടുംബത്തിലും ഓരോ ബൈബിൾ എന്ന ലക്ഷ്യം കേരളസഭയിൽ ഇതിനകം സാധ്യമായിട്ടുണ്ട്. ഓരോ വ്യക്തിക്കും ഓരോ ബൈബിൾ എന്ന ലക്ഷ്യത്തിലും

ഇപ്പോൾ മുന്നേറുകയാണ്. പി.ഒ.സി. ബൈബിൾ ആപ്ലിക്കേഷനും, ഓഡിയോ ബൈബിളും കൂടുതൽ പ്രചാരത്തിലെത്തിക്കാൻ എല്ലാവരും ശ്രദ്ധിക്കണമെന്ന് താല്പര്യപ്പെടുന്നു. ഭവനങ്ങളിലും യാത്ര കളിലും ഓഡിയോ ബൈബിൾ ശ്രവിക്കുന്ന ശീലം വളർത്താൻ എല്ലാവരെയും പരിശീലിപ്പിക്കണം.

ഡിസംബർ 22-ന് ബൈബിൾ ഞായർ ഇടവകകളിൽ ബൈബിൾ പ്രതിഷ്ഠയോടും ബൈബിൾ പ്രദക്ഷിണത്തോടുംകൂടെ സമുചിതമായി ആചരിക്കാൻ നിങ്ങളെ ക്ഷണിക്കുന്നു. കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും രൂപതാബൈബിൾ അപ്പസ്തോലേറ്റിന്റെയും ശുശ്രൂഷ കൾക്കുവേണ്ടി ബൈബിൾ ഞായറാഴ്ച ദിവ്യബലി മധ്യേ ലഭിക്കുന്ന സംഭാവന രൂപതാകേന്ദ്രങ്ങളിൽ എത്തിക്കണമെന്നും അഭ്യർഥിക്കുന്നു. ക്രിസ്തുവിന്റെ ശരീരത്തിലെ ഓരോ അവയവവും അതിന്റെ ധർമം പൂർത്തി യാക്കുന്നതോടൊപ്പം മറ്റ് അവയവങ്ങൾക്കും ശക്തിപകർന്ന് ഒരു ശരീ രമായി വളരാൻ നമ്മുടെ ബൈബിൾ ശുശ്രൂഷകൾ സഹായകമാകട്ടെ. ദൈവവചനത്തിലധിഷ്ഠിതമായ ജൂബിലിവർഷത്തിലേക്ക് കേരളസഭ യോടൊപ്പം നമുക്കോരോരുത്തർക്കും പങ്കുചേരാം. 2025ലെ 25-ാം മത് ലോഗോസ് ക്വിസ് എല്ലാ രൂപതകളും ഇടവകകളും കുടുംബക്കൂട്ടായ് മകളും യുവജനങ്ങളും വേദപാഠവിദ്യാർഥികളും ഒന്നുചേർന്ന് വിജയ മാക്കണമെന്ന് താല്പര്യപ്പെടുന്നു. കേരളസഭയുടെ അഭിമാനമായ ലോഗോസ് ക്വിസ് ഒരു മത്സരമെന്നതിലുപരി വചനപഠനവേദിയാ ണെന്ന് തിരിച്ചറിഞ്ഞ് കൂടുതൽപേരെ വചനത്തിലേക്കടുപ്പിക്കാൻ ഏവരും ഉത്സാഹിക്കേണ്ടതാണ്.

ദൈവവചന പ്രഘോഷണപ്രവർത്തനങ്ങളിലൂടെ പ്രത്യാശയുടെ പ്രവാചകരായി ഈ വരുന്ന ജൂബിലിയെ എതിരേൽക്കാൻ നമുക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടും, പ്രത്യാശ നമ്മിൽ നിറയ് ക്കുന്ന മനുഷ്യാവതാര തിരുനാളിന്റെ പ്രാർഥനാശംസകൾ നേർന്നുകൊണ്ടും,

സ്നേഹാദരങ്ങളോടെ,

**+ ബിഷപ് റൈറ്റ് റവ. ഡോ. ജെയിംസ് ആനാപറമ്പിൽ**
(ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

**+ ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

**+ ബിഷപ് മാർ ജോൺ നെല്ലിക്കുന്നേൽ**
(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

# മലങ്കര സുറിയാനി കത്തോലിക്കാ സഭ

## 94-ാമത് പുനരൈക്യ വാർഷികവും സഭാസംഗമവും

94-ാമത് പുനരൈക്യ വാർഷികവും സഭാസംഗമവും പാറശ്ശാല ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ 2024 സെപ്റ്റംബർ 20, 21 തീയതികളിൽ വെങ്ങാനൂർ വി.പി.എസ്. മലങ്കര എച്ച്.എസ്.എസ്. അങ്കണത്തിൽ നടത്തപ്പെട്ടു. സെപ്തംബർ 20 ന് വൈകിട്ട്, സഭാതല സുവിശേഷ സംഘത്തിന്റെ നേതൃത്വത്തിൽ പ്രാർത്ഥനാ സന്ധ്യയും സെപ് തംബർ 21 ന് എം.സി.സി.എൽ.ന്റെയും എം.സി.വൈ.എം.ന്റെയും എം.സി.എ.യുടെയും സഭാതല സംഗമങ്ങൾ നടത്തപ്പെട്ടു. പുനരൈക്യ വാർഷികാഘോഷ വിശുദ്ധ കുർബാന അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ മുഖ്യകാർമികത്വത്തിലും മലങ്കര സുറിയാനി കത്തോ ലിക്കാ സഭയിലെ മറ്റ് പിതാക്കന്മാരുടെയും വൈദികരുടെയും സഹകാർമ്മികത്വത്തിലും നടത്തപ്പെട്ടു. ചങ്ങനാശേരി നിയുക്ത ആർച്ച് ബിഷപ്പ് അഭിവന്ദ്യ തോമസ് തറയിൽ പിതാവ് വചനസന്ദേശം നൽകി. അനേകം സന്യസ്തരും 12000 ഓളം അൽമായരും സഭാസംഗമത്തിന്റെ വിവിധ ശുശ്രൂഷകളിൽ പങ്കെടുത്തു. 95-ാമത് പുനരൈക്യ വാർഷിക കത്തിന് ആതിഥേയത്വം അരുളുന്ന പത്തനംതിട്ട ഭദ്രാസനത്തിന്



കാതോലിക്കാ പതാക ഔദ്യോഗികമായി അഭിവന്ദ്യബാവാ തിരുമേനി ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്തായ്ക്കും ഭദ്രാസന പ്രതിനിധികൾക്കും കൈമാറി. തുടർന്ന് പാറശ്ശാല ഭദ്രാസനത്തിന്റെ വികാരി ജനറാൾ വന്ദ്യ ജോസ് കോണത്തുവിള അച്ചൻ ഏവർക്കും നന്ദി പ്രകാശിപ്പിച്ചു. പാറശ്ശാല ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

## വചനവർഷാചരണത്തിന് തുടക്കം

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി 2024 സെപ്റ്റംബർ 21 മുതൽ 2025 സെപ്റ്റംബർ 19 വരെ നടത്തപ്പെടുന്ന 'എന്റെ വചനത്തിൽ വസിക്കുക' എന്ന വിഷയത്തിലധിഷ്ഠിതമായ വചനവർഷത്തിന്റെ ഇടവകതല ഉത്ഘാടനവും വചന പ്രതിഷ്ഠയും 2024 സെപ്റ്റംബർ 29-ന് സഭയിലെ എല്ലാ ഇടവകകളിലും വിശുദ്ധ കുർബാനയോടൊപ്പം നടത്തപ്പെട്ടു. സഭാതല വചനവർഷ ഉത്ഘാടനവും വചന പ്രതിഷ്ഠയും സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവാ തിരുമേനി സെപ്റ്റംബർ 21 -ന് 94-ാമത് പുനരൈക്യ വേദിയായ പാറശ്ശാല മാർ ഈവാനിയോസ് നഗറിൽ വച്ച് നിർവഹിച്ചു. ഇതേ തുടർന്നാണ് ഇടവകതല വചന വർഷാചരണത്തിന് തുടക്കം കുറിച്ചത്. കൂടാതെ സെപ്റ്റംബർ 29 ന് എല്ലാ കുടുംബങ്ങളിലും സന്ധ്യാപ്രാർത്ഥനയോടു ചേർന്ന് വചനപ്രതിഷ്ഠ നടത്തി കുടുംബതല വചനവർഷാചരണത്തിനും ആരംഭംകുറിച്ചു.

# ഭദ്രാസന വാർത്തകൾ

## 94-ാം പുനരൈക്യവാർഷികം

94-ാം പുനരൈക്യ വാർഷികാഘോഷവും സഭാ സംഗമവും പാറശ്ശാല ഭദ്രാസനത്തിന്റെ ആതിഥ്യത്തിൽ, 2024 സെപ്റ്റംബർ മാസം 20, 21 തീയതികളിൽ വെങ്ങാനൂർ സ്കൂൾ പരിസരത്ത് വച്ച് നടത്തപ്പെട്ടു. ഏറ്റവുമധികം വിശ്വാസികൾ പങ്കെടുത്ത പുനരൈക്യ വാർഷികാഘോഷം എന്ന നിലയിൽ ചരിത്രത്തിൽ ഇടം പിടിച്ചു. സാഹോദര്യത്തിന്റെ മണ്ണിൽ, മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രേഷിതഭൂമിയിൽ, മാർ ഈവാനിയോസ് പിതാവ് കൊളുത്തിയ ദീപത്തിൻ ശോഭയിൽ ദൈവജനം ഉൾച്ചേർന്നു.

## 8-ാമത് പാറശ്ശാല കാത്തലിക് ബൈബിൾ കൺവെൻഷൻ



മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പാറശ്ശാല ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ 8-ാമത് പാറശ്ശാല കാത്തലിക് ബൈബിൾ കൺവെൻഷൻ 2024 ഒക്ടോബർ 18, 19, 20 തീയതികളിൽ പാറശ്ശാല കോട്ടവിള സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയങ്കണത്തിൽ വച്ച് നടന്നു. സുപ്രസിദ്ധ വചനപ്രഘോഷകനായ റവ. ഫാ. ബിജിൽ ചക്യത്ത് MSFS ആണ് കൺവെൻഷൻ നയിച്ചത്. പാറശ്ശാല ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവ്, 2024 ഒക്ടോബർ 18-ാം തീയതി കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. കൺവെൻഷനോടനുബന്ധിച്ചു പരിശുദ്ധ ജപമാല പ്രാർത്ഥന, സന്ധ്യാപ്രാർത്ഥന, വി. കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യാരാധന എന്നിവ ഉണ്ടായിരുന്നു.

## കശീശ്ശോ പട്ടം



പാറശ്ശാല ഭദ്രാസനത്തിനു വേണ്ടി വൈദിക പരിശീലനം പൂർത്തിയാക്കിയ, ഡീക്കൻ ഗോഡ്സൺ തോട്ടത്തുവിള, 2024 ആഗസ്റ്റ് 31 ശനിയാഴ്ച ഉച്ചയ്ക്കുശേഷം 2.30 ന് സെന്റ് ജോർജ് മലങ്കര സുറിയാനി കത്തോലിക്കാ തീർത്ഥാടന ദൈവാലയത്തിൽ വച്ച് പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായുടെ തൃക്കയ്യാൽ ശുശ്രൂഷാപൗരോഹിത്യം സ്വീകരിച്ചു.

പാറശ്ശാല ഭദ്രാസന വികാരി ജനറാൾ റവ. മോൺ. ജോസ് കോണത്തുവിള, ബഹു. വൈദികർ, സന്ന്യസ്തർ, വൈദിക വിദ്യാർത്ഥികൾ, വിശ്വാസികൾ എന്നിവർ ശുശ്രൂഷയിൽ സംബന്ധിച്ചു. പാറശ്ശാല ഭദ്രാസന ചാൻസലർ റവ. ഫാ. ബിജോയ് ഊരാളിവിള, പ്രൊക്യുറേറ്റർ റവ. ഫാ. ബെർണാഡ് വലിയവിള, മൈനർ സെമിനരി റെക്ടർ റവ. ഫാ. അലോഷ്യസ് തുണ്ടുതട്ടുവിള, സെന്റ് ജോർജ് ചാരോട്ടുകോണം ഇടവക വികാരി റവ. ഫാ. പ്രഭീഷ് ജോർജ് എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

2024 സെപ്റ്റംബർ 1 ഞായറാഴ്ച ഉച്ചയ്ക്കുശേഷം 3.00 ന് മാതൃ ഇടവകയായ സെന്റ് ജോർജ് ചാരോട്ടുകോണം മലങ്കര സുറിയാനി കത്തോലിക്കാ തീർത്ഥാടന ദൈവാലയത്തിൽ വച്ച് അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവിന്റെ സാന്നിധ്യത്തിൽ നവവൈദികൻ ഫാ. ഗോഡ്സൺ തോട്ടത്തുവിള പ്രഥമ വി. കുർബാന അർപ്പിച്ചു.


## ഭദ്രാസന ദിനം

പാറശ്ശാല ഭദ്രാസന ദിനം 2024 സെപ്തംബർ 7-ാം തീയതി ശനിയാഴ്ച ആഘോഷിച്ചു. 8.15 ന് പ്രഭാത പ്രാർത്ഥനയും തുടർന്ന് അഭിവന്ദ്യ പിതാവിന് സ്വീകരണവും നൽകി. 8.30 ന് വി. കുർബാന ആരംഭിച്ചു. പാറശ്ശാല ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത മുഖ്യകാർമ്മികനും പാറശ്ശാല ഭദ്രാസനത്തിലെ ബഹുമാനപ്പെട്ട വൈദികർ സഹകാർമ്മികരുമായിരുന്നു. വി. കുർബാനയ്ക്കും അഭിവന്ദ്യ പിതാവിന്റെ സന്ദേശത്തിനും ശേഷം പ്രഭാത ഭക്ഷണം ക്രമീകരിച്ചിരുന്നു. തുടർന്ന്, കാട്ടാക്കട, ബാലരാമപുരം, ചെമ്പൂർ, നെയ്യാറ്റിൻകര, പാറശ്ശാല എന്നീ ക്രമത്തിൽ ജില്ലാ വികാരിമാരുടെ നേതൃത്വത്തിൽ വൈദികരും ഇടവക പ്രതിനിധികളും

അഭിവന്ദ്യ പിതാവിനെ കണ്ട് ബിഷപ്പ് ചാരിറ്റി ഫണ്ട് സമർപ്പിച്ചു.

ഭദ്രാസന ദിനാഘോഷത്തിൽ ഭദ്രാസനത്തിൽ ശുശ്രൂഷ ചെയ്യുന്ന വൈദികർ, സിസ്റ്റേഴ്സ്, ഇടവകകളിലെ ട്രസ്റ്റിമാർ, സെക്രട്ടറിമാർ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, ഉപദേശിമാർ, ഭക്തസംഘടനകളുടെ ഭദ്രാസനതല ഭാരവാഹികൾ, സെമിനാരിക്കാർ, അംഗീകാരത്തിന് അർഹരായവർ തുടങ്ങിയവർ പങ്കെടുത്തു.

## വചനവർഷ വൈദിക പരിശീലനം




വചനവർഷത്തോടനുബന്ധിച്ച് പാറശ്ശാല ഭദ്രാസനത്തിലെ വൈദികർക്കായി പരിശീലന പരിപാടി 2024 ഒക്ടോബർ 15-ാം തീയതി ചൊവ്വാഴ്ച വിഴിഞ്ഞം SPARC പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവ് ഉദ്ഘാടനം നിർവഹിച്ച പരിശീലന പരിപാടിയ്ക്ക്, അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് പിതാവ് നേതൃത്വം നൽകി.

## തിരുശേഷിപ്പ് പ്രതിഷ്ഠ

പാറശ്ശാല ഭദ്രാസനത്തിന്റെ സ്വർഗീയ മധ്യസ്ഥയായ വിശുദ്ധ മദർ തെരേസയുടെയും വിശുദ്ധ ഷർബേലിന്റെയും തിരുശേഷിപ്പുകൾ പാറശ്ശാല കത്തീഡ്രൽ ദൈവാലയത്തിൽ ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവ് പ്രതിഷ്ഠിച്ചു.



## വൈദികരുടെ വാർഷിക ധ്യാനം

പാറശ്ശാല ഭദ്രാസനത്തിലെ വൈദികർക്കായുള്ള വാർഷിക ധ്യാനം 2024 ഒക്ടോബർ 15-ാം തീയതി ചൊവ്വാഴ്ച വിഴിഞ്ഞം SPARC പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. ധ്യാനത്തിന് ബഹുമാനപ്പെട്ട ജോസഫ് വള്ളിയാട്ടച്ചൻ നേതൃത്വം നൽകി.

---

## BISHOP'S CHARITY FUND- 2024

| | BALARAMAPURAM | |
|---|---|---|
| **Sl.No.** | **Parishes** | **Collections** |
| 1. | Balaramapuram | 5,000 |
| 2. | Chowara | |
| 3. | Eruthavoor | 2,000 |
| 4. | Kannankode | 3,000 |
| 5. | Mulloor | 5,000 |
| 6. | Nelliyode | 1,000 |
| 7. | Ookkode | 1,000 |
| 8. | Pamamcode | 3,000 |
| 9. | Pappanamcode | 2,500 |
| 10. | Poozhikkunnu | 5,000 |
| 11. | Pottayil | 5,000 |
| 12. | Pravachambalam | 7,500 |
| 13. | Punnakkulam | 2,000 |
| 14. | Thengarakonam | 2,000 |
| 15. | Thiruvallam | 4,020 |
| 16. | Velloorkonam | 1,000 |
| 17. | Venniyoor | 15,000 |
| 18. | Vizhinjam | 2,500 |
| | | |
| | **CHEMBOOR** | |
| 1. | Amboori | 3,000 |
| 2. | Anakuzhi | 2,000 |
| 3. | Aruvattukonam | 2,000 |
| 4. | Chanaikonam | 2,000 |
| 5. | Chemboor | 2,000 |
| 6. | Cheriyakolla-Kudayal | 5,000 |
| 7. | Kadampra | 1,500 |
| 8. | Kudappanamoodu | 3,000 |
| 9. | Kuttamala | 2,000 |
| 10. | Manchamcode | 3,000 |

| | | |
|---|---|---|
| 11. | Mannamkonam | 2,000 |
| 12. | Marakunnam | 1,000 |
| 13. | Muttachal | 3,000 |
| 14. | Mylakkara | 3,000 |
| 15. | Neerazhikkonam | 2,000 |
| 16. | Ottasekharamangalam | 3,000 |
| 17. | Panachamoodu | 5,000 |
| 18. | Pantha | 2,000 |
| 19. | Poozhanadu | 2,000 |
| 20. | Vattapparambu | 2,000 |
| 21. | Vazhichal | 2,000 |
| | | |
| | **KATTAKKADA** | |
| 1. | Anavode | 2,000 |
| 2. | Aruvikkuzhy | 2,000 |
| 3. | Chaikulam | 2,500 |
| 4. | Cherukode | 2,000 |
| 5. | Kallamam | 2,500 |
| 6. | Kalliyal | 2,000 |
| 7. | Kanakkuzhy | 3,000 |
| 8. | Kandala | 3,000 |
| 9. | Kattakkada | 5,000 |
| 10. | Kattuvila | |
| 11. | Konnikonam | 2,000 |
| 12. | Kottoor | 2,000 |
| 13. | Kuttichal | 5,000 |
| 14. | Malayinkeezhu | 2,000 |
| 15. | Matalampara | 1,000 |
| 16. | Pappanam | 3,000 |
| 17. | Pezhummoodu | 2,000 |
| 18. | Ponneduthankuzhi | 5,000 |
| 19. | Poovachal | 2,000 |
| 20. | Punalal | 2,000 |
| 21. | Punnavoor | 2,000 |
| 22. | Puthenkavuvila | 7,000 |
| 23. | Thachottukavu | 5,000 |
| 24. | Thoongampara | 2,500 |
| 25. | Thozhukkalkonam | 2,500 |
| | **NEYYATTINKARA** | |
| 1. | Chaikkottukonam | 3,000 |
| 2. | Chekkady | 5,000 |

| | | |
|---|---|---|
| 3. | Chemparathivila | 4,900 |
| 4. | Ettukutty | 6,000 |
| 5. | Kakottukonam | 2,000 |
| 6. | Kanjiramkulam | 25,000 |
| 7. | Kannaravila | 5,000 |
| 8. | Kariprakonam | |
| 9. | Kodangavila | 5,000 |
| 10. | Kottarakonam | 1,000 |
| 11. | Mekkonam | 1,500 |
| 12. | Pampukala | 10,000 |
| 13. | Perumpazhuthoor | 2,000 |
| 14. | Poovar | 10,000 |
| 15. | Russelpuram | 3,000 |
| 16. | Tharavila | 1,000 |
| 17. | Vadakara | 7,500 |
| 18. | Vandannoor | 3,000 |
| 19. | Aprem Nagar | 2,000 |
| 20. | Virali | 2,000 |
| 21. | Kanchampazhanji | 2,000 |
| 22. | Mother Theresa Mission | 1,000 |
| | | |
| | **PARASSALA** | |
| 1. | Ambilikkonam | 10,000 |
| 2. | Aruvankode | 5,000 |
| 3. | Aruviodu | 5,000 |
| 4. | Cheruvarakkonam | 6,000 |
| 5. | Dhanuvachapuram | 5,000 |
| 6. | Kottamom | 2,500 |
| 7. | Kudayal | 10,000 |
| 8. | Kulathammal | 3,000 |
| 9. | Kulathoor/Charottukonam | 25,000 |
| 10. | Kuzhinjamvila | 10,000 |
| 11. | Manchavilakam | 5,000 |
| 12. | Nalloorvattom | 2,000 |
| 13. | Panayammoola | 5,000 |
| 14. | Panayarackal | 4,000 |
| 15. | Parassala | 7,500 |
| 16. | PazhayaUchakkada | 5,000 |
| 17. | Pinkulam | 10,000 |
| 18. | Utchakkad (Aluvila) | 50,00 |
| 19. | Vanniacode | 5,000 |

| | CONVENTS | |
|---|---|---|
| **Sl.No.** | **Names** | **Collections** |
| 1. | Bethany Convent Kulathammal | 1,000 |
| 2. | DM ProvincialateVenniyoor | 2,00,000 |
| 3. | Missionaries of Unity Edanji | 15,000 |
| 4. | SH Convent Kuttichal | 3,000 |
| 5. | SIC Provincialate Nalanchira | 25,000 |
| 6. | Sisters of Charity Charottukonam | 3,000 |
| | | |
| | **INSTITUTIONS** | |
| 1. | Mar Gregorios School Pravachambalam | 20,500 |
| 2. | Mother Theresa School Venganoor | 10,000 |
| 3. | Santhom Malankara College Edanji | 25,500 |
| 4. | St. Chrysostom's GHSS Nellimoodu | 45,000 |
| 5. | St. Mary's EMS Vandannoor | 5,000 |
| 6. | Viswadeepthi EMS Kattakkada | 50,000 |
| 7. | VPS Malankara HSS Venganoor | 25,000 |
| 8. | St. Mary's School Pappanamcode | 5,000 |
| 9. | Sophia Home Venniyoor | 10,000 |
| | | |
| | **PIOUS ASSOCIATIONS** | |
| 1. | DCMS, Diocese of Parassala | 5,000 |
| 2. | KCSL, Diocese of Parassala | 2,500 |
| 3. | Legion of Mary, Diocese of Parassala | 2,500 |
| 4. | MCA, Diocese of Parassala | 5,000 |
| 5. | MCYM, Diocese of Parassala | 5,000 |
| 6. | MCMF, Diocese of Parassala | 5,000 |
| 7. | Teachers Guild, Diocese of Parassala | 10,000 |
| 8. | Vincent De Paul, Diocese of Parassala | 5,000 |
| | | |
| | **INDIVIDUALS & FAMILIES** | |
| 1. | Mr.Paulose & Family, Ettukutty | 2,500 |
| 2. | Mr.Velappan Dhanuvachapuram | 5,000 |
| 3. | Mr. Lazar Konathuvila | 10,000 |
| 4. | Mr. Innocent Charottukonam | 10,000 |
| 5. | Mr. Abraham Jophial Cheruvarakkonam | 5,000 |
| 6. | Mrs.Anupama Jose Panachamoodu | 10,000 |
| 7. | Dr. Thomas Kuzhinappurathu | 5,000 |

# മിഷൻ വാർത്തകൾ


## പൊറ്റയിൽ ദൈവാലയ കൂദാശ



പൊറ്റയിൻ ഹോളി ക്രോസ്സ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിന്റെ കൂദാശ, പാറശ്ശാല ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ ഡോ. തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത, 2024 നവംബർ 16-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് നിർവഹിക്കുകയും 2024 നവംബർ 17-ാം തീയതി ഞായറാഴ്ച രാവിലെ 9.30 ന് ആഘോഷമായ വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു. കൂദാശയ്ക്ക് വേണ്ട ക്രമീകരണങ്ങൾക്ക്, ഇടവക വികാരി ഫാ. തോമസ് പടിപ്പുരയ്ക്കൽ OFM Cap നേതൃത്വം വഹിച്ചു.

## ആദരാഞ്ജലികൾ

മേരി മക്കൾ സമൂഹം, വെണ്ണിയൂർ നിർമ്മലാ പ്രൊവിൻസ് അംഗമായ സിസ്റ്റർ മേരി ക്രൂസ് ഡി.എം (95), 2024 സെപ്റ്റംബർ 17 ചൊവ്വാഴ്ച്ച കർത്താവിൽ നിദ്ര പ്രാപിച്ചു. ബഹു. സിസ്റ്ററിന്റെ സംസ്കാര ശുശ്രൂഷ പാറശ്ശാല ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ ഡോ. തോമസ് മാർ യൗസേബിയസിന്റെ കാർമികത്വത്തിൽ, 2024 സെപ്റ്റംബർ 18 ബുധനാഴ്ച രാവിലെ 11.00 മണിക്ക് നെല്ലിമൂട് കോൺവെന്റിൽ വച്ച് നടന്നു. പാറശ്ശാല ഭദ്രാസനത്തിന്റെ ആദരാഞ്ജലികൾ.



ചെമ്പൂർ വൈദിക ജില്ലയിലെ കുടപ്പനമൂട് ദൈവാലയത്തിലെ ബിനു ഉപദേശിയുടെ വത്സല പിതാവ് ശ്രീ. ക്രിസ്തുദാസ് (75) കർത്താവിൽ നിദ്ര പ്രാപിച്ചു. പാറശ്ശാല ഭദ്രാസനത്തിന്റെ ആദരാഞ്ജലികൾ.



# എം.സി.വൈ.എം.

## 33-ാമത് അന്തർദേശീയ യുവജന കൺവൻഷൻ

മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് (എം.സി.വൈ.എം.) ന്റെ 33-ാമത് അന്തർദേശീയ യുവജന കൺവെൻഷൻ 94-ാമത് പുനരൈക്യ ആഘോഷങ്ങളോട് ചേർന്ന് വെങ്ങാനൂർ വി.പി.എസ്. മലങ്കര എച്ച്. എസ്. എസിലെ. മാർ ബസേലിയോസ് ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. അന്തർ ദേശീയ യുവജന കൺവൻഷൻ മലങ്കര സുറിയാനി കത്തോലിക്ക സഭ യുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലി യോസ് കർദ്ദിനാൾ ക്ലീമിസ് കതോലിക്ക ബാവ ഉദ്ഘാടനം ചെയ്തു. സഭാതല എം.സി.വൈ.എം. ഡയറക്ടർ ബഹു. പ്രഭീഷ് ജോർജ്ജ് അച്ചൻ ആമുഖ സന്ദേശം നൽകി. സഭാതല പ്രസിഡന്റ് മോനു ജോസഫ് അധ്യ ക്ഷത വഹിച്ച യോഗത്തിൽ നെയ്യാറ്റിൻകര ലത്തീൻ രൂപതാ അധ്യക്ഷൻ മോസ്റ്റ് റവ. വിൻസൻറ് സാമുവേൽ പിതാവ് അതിഥിയായി പങ്കെടുത്ത് യുവജനങ്ങളോട് സംസാരിച്ചു. പാറശ്ശാല ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത, യുവജന കമ്മിഷൻ ചെയർമാൻ അഭിവന്ദ്യ മാത്യൂസ് മാർ പോളീക്കാർപ്പസ് എപ്പിസ്കോപ്പ എന്നിവർ സന്നിഹിതരായിരുന്നു. ഭദ്രാസന പ്രസിഡന്റ് ശരത് ലാൽ ടി. എസ്. ആശംസകൾ അർപ്പിച്ചു. ബഹു. ഡാനിയൽ പൂവണ്ണത്തിൽ അച്ചൻ യുവജനങ്ങളോട് സംസാരിച്ചു. യോഗത്തിൽ ഭദ്രാസന സെക്രട്ടറി ദിയ ബൈബിൾ വായിക്കുകയും ഭദ്രാസന ഡയറക്ടർ ബഹു. ജെറോം കുന്നുംപുറത്ത് അച്ചൻ സമാധാന പ്രാർത്ഥന ചൊല്ലുകയും ജനറൽ സെക്രട്ടറി ജിജോ ഇമ്മാനുവൽ എം.സി.വൈ.എം. പ്രതിജ്ഞ ചൊല്ലു കയും ചെയ്തു. യുവജന കൺവെൻഷൻ വേദിയിൽ യുവജന കമ്മിഷൻ ചെയർമാൻ, ആതിഥേയത്വമരുളിയ പാറശ്ശാല ഭദ്രാസന സമിതിക്ക് സ്നേ ഹോപകാരം നൽകി. 1500 ൽ അധികം യുവജനങ്ങൾ 33-ാമത് അന്തർ ദേശീയ യുവജന കൺവൻഷന്റെ ഭാഗമായി.പാറശ്ശാല ഭദ്രാസനത്തിൽ

നിന്നും 900 ഓളം യുവജനങ്ങൾ പങ്കെടുത്തു.

## അസ്സീസിയൻ ഉത്സവ് 2024

പാറശ്ശാല ഭദ്രാസന എം.സി.വൈ.എം. കലാമത്സരങ്ങൾ അസ്സീസിയൻ ഉത്സവ് 2024 ഒക്ടോബർ 12 ശനിയാഴ്ച ബാലരാമപുരം നസ്രത്ത് ഹോം സ്കൂളിൽ വച്ച് നടന്നു, പാറശ്ശാല ഭദ്രാസന വികാരി ജനറൽ വന്ദ്യ മോൺ. സെലിൻ ജോസ് കോണത്തുവിള അച്ചൻ അസ്സീസിയൻ ഉത്സവ് 2024 ഉത്ഘാടനം ചെയ്തു. കാട്ടാക്കട-നെയ്യാറ്റിൻകര വൈദിക ജില്ലകൾ അസ്സീസിയൻ ഉത്സവിൽ ഓവറോൾ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ചെമ്പൂർ വൈദിക ജില്ല രണ്ടാം സ്ഥാനവും, ബാലരാമപുരം വൈദിക ജില്ല മൂന്നാം സ്ഥാനവും നേടി വിജയികളായി. പാറശ്ശാല ഭദ്രാസന ചാൻസിലർ ബഹു. ബിജോയ് ഊരാളിവിള അച്ചൻ സമ്മാനദാനം നിർവ്വഹിച്ചു. ക്രമീകരണങ്ങൾക്ക് പാറശ്ശാല ഭദ്രാസന സമിതി നേതൃത്വം നൽകി.

## ഹെസെദ് 2K24




എം.സി.വൈ.എം. സഭാതല സമിതിയുടെ നേതൃത്വത്തിൽ ഈ വർഷത്തെ സഭാതല യുവജന ദിനാഘോഷം ഹെസെദ് 2K24 തിരുവല്ല അതിഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ നടന്നു. പ്രസ്തുത പരിപാടിയിൽ പാറശ്ശാല ഭദ്രാസനത്തിൽ നിന്നും യുവജനങ്ങൾ പങ്കെടുത്തു.

# കെ.സി.എസ്.എൽ.

## എം.സി.സി.എൽ. സഭാതല സംഗമം

94-ാമത് പുനരൈക്യ വാർഷികത്തോടനുബന്ധിച്ച്, 2024 സെപ്റ്റംബർ 21-ാം തീയതി എം.സി.സി.എൽ.ന്റെ സഭാതല സംഗമം വെങ്ങാനൂർ വി.പി.എസ്. മലങ്കര എച്ച്.എസ്.എസ്. അങ്കണത്തിൽ വച്ച് നടത്തപ്പെട്ടു. രണ്ടായിരത്തോളം കുഞ്ഞുങ്ങൾ പങ്കെടുത്ത സംഗമം ഏറെ ശ്രദ്ധ ആകർഷിച്ചു. പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് സംഗമം ഉദ്ഘാടനം ചെയ്തു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ അധ്യക്ഷത വഹിച്ച സംഗമത്തിൽ, തിരുവല്ല അതിഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് അനുഗ്രഹ പ്രഭാഷണം നടത്തി.

# കുടുംബപ്രേഷിത കാര്യാലയം

## വിവാഹ ഒരുക്ക സെമിനാർ

പാറശ്ശാല ഭദ്രാസനത്തിലെ കുടുംബപ്രേഷിത കാര്യാലയം, വിഴിഞ്ഞം SPARC പാസ്റ്ററൽ സെന്ററിൽ 2024 ഒക്ടോബർ 25, 26, 27 വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ വച്ച് നടന്ന വിവാഹ ഒരുക്ക സെമിനാറിൽ പാറശ്ശാല ഭദ്രാസനത്തിലെ ഇടവകകളിൽ നിന്നും 41 പേർ പങ്കെടുക്കുകയുണ്ടായി. അഭിവന്ദ്യ പിതാവ് കുടുംബ ജീവിതത്തെക്കുറിച്ച് കുട്ടികൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. ഞായറാഴ്ച ഉച്ചകഴിഞ്ഞ് ഡോ. ജോജു ജോൺ രക്ഷകർത്താക്കൾക്ക് വേണ്ടി ക്ലാസെടുക്കുകയുണ്ടായി. 54 മാതാപിതാക്കൾ പങ്കെടുത്തു

# എം.സി.എ.



## എം. സി.എ. സഭാതല എക്സിക്യൂട്ടീവ് മീറ്റിംഗ്

പാറശ്ശാല ഭദ്രാസനത്തിലെ പാസ്റ്ററൽ സെന്ററിനോട് ചേർന്ന് കല്ലുവെട്ടാൻകുഴി മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ച് എം. സി.എ. സഭാതല എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. സഭാതല പ്രസിഡന്റ് എബ്രഹാം എം. പട്യാനി അധ്യക്ഷപദം വഹിച്ച യോഗത്തിൽ അല്മായ കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ് സന്നിഹിതനായിരുന്നു. സഭാതല സെക്രട്ടറി ശ്രീ. എൻ. ധർമ്മരാജ് ഏവർക്കും സ്വാഗതം ആശംസിച്ചു.

അന്നേദിവസം നടന്ന സഭാതല മാനേജിംഗ് കമ്മിറ്റി മീറ്റിംഗിൽ വിവിധ ഭദ്രാസനങ്ങളിൽ നിന്ന് 65 പ്രതിനിധികൾ പങ്കെടുത്തു. സഭാതല പ്രസിഡന്റ് അഡ്വ. എബ്രഹാം. എം. പട്യാനി അധ്യക്ഷപദം അലങ്കരിച്ച യോഗത്തിൽ അല്മായ കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ് അനുഗ്രഹ പ്രഭാഷണം നടത്തി. സഭാതല വൈദിക ഉപദേഷ്ടാവ് റവ. ഫാ. മാത്യൂസ് കുഴിവിള ഏവർക്കും സ്വാഗതം ആശംസിച്ചു. സഭാതല ജനറൽ സെക്രട്ടറി ശ്രീ. എൻ. ധർമ്മരാജ് റിപ്പോർട്ട് അവതരിപ്പിച്ചു.

വർഷങ്ങളായി സിറിൽ ബസേലിയോസ് വിദ്യാശ്രീ പുരസ്കാരം നൽകി വരുന്ന കെ.എം.ആർ.എം ന്റെ ഭാരവാഹികളെ അഭിനന്ദിച്ചു. മെഡിക്കൽ ഫണ്ട്, അല്മായദിന കാണിക്ക, മെമ്പർഷിപ്പ് ക്യാമ്പയിൻ, വാർഷിക അസംബ്ലി എന്നീ വിഷയങ്ങൾ യോഗത്തിൽ ചർച്ച ചെയ്തു. ആഗോള അല്മായ സംഗമത്തിന് ആതിഥേയത്വം വഹിക്കുന്ന പാറശ്ശാല ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ ഡോ. തോമസ് മാർ യൗസേബിയോസ് പിതാവിനെയും പാറശ്ശാല ഭദ്രാസന സമിതിയെയും സഭാതല സമിതി അഭിനന്ദിച്ചു. പ്രാർത്ഥനയോടു കൂടി യോഗം അവസാനിച്ചു.



# MCMF

## സ്നേഹപൂർവ്വം – MCMF ഡയാലിസിസ് കൈത്താങ്ങ്




94-ാമത് പുനരൈക്യ സഭാ സംഗമവുമായി ബന്ധപ്പെട്ടു MCMF സഭാതല സമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച കിഡ്നി രോഗ ബാധിതരായ 100 പേർക്ക് ഡയാലിസിസ് നടത്തുവാൻ ഉള്ള ഒരു കൈത്താങ്ങാണ് – 'സ്നേഹപൂർവ്വം'. ഈ പദ്ധതിക്കായി ഭദ്രാസന സമിതി സമാഹരിച്ച 10000 രൂപ MCMF സഭാതല ദിനാഘോഷ പരിപാടിയിൽ വച്ച്, ഭദ്രാസന പ്രസിഡന്റ് ശ്രീമതി പ്രവിതാ ബെൻസികർ MCMF സഭാതല ചെയർമാൻ അഭി. യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്തായ്ക്ക് കൈമാറി. വിവിധ ഭദ്രാസനങ്ങളിൽ നിന്നും സഭാതല സമിതി സമാഹരിച്ച 100000 രൂപ പുനരൈക്യ സംഗമ വേദിയിൽ വച്ച്, സഭാതല പ്രസിഡന്റ് ശ്രീമതി ജിജി മത്തായി, സഭാധ്യക്ഷൻ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവാ തിരുമേനിയ്ക്ക് കൈമാറി.

## 'ജനനി 2K24' MCMF ദിനാഘോഷവും ലോഗോ – ആന്തം പ്രകാശനവും

MCMF സഭാതല ദിനാഘോഷം തിരുവല്ല അതിഭദ്രാസന സമി



തിയുടെ ആഭിമുഖ്യത്തിൽ തിരുവല്ല ശാന്തിനിലയം പാസ്റ്ററൽ സെന്ററിൽ വച്ച് ആഗസ്റ്റ് 28 ന് നടത്തി. സൈക്കോളജിസ്റ്റ് ശ്രീമതി ഗ്രേയ്സ് ലാൽ അമ്മമാർക്കായി ക്ലാസ് എടുത്തു. തിരുവല്ല അതിഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. MCMF ചെയർമാൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്താ അനുഗ്രഹാശംസകൾ നേർന്നു.

പ്രസ്തുത സമ്മേളനത്തിൽ വച്ച്, പാറശ്ശാല ഭദ്രാസനത്തിലെ പൊന്നെടുത്താംകുഴി ഇടവകാംഗം ശ്രീമതി പ്രിൻസി വിൽസൺ തയാറാക്കിയ MCMF ലോഗോ അഭിവന്ദ്യ പിതാക്കന്മാർ സഭാതല ഡയറക്ടർ ബഹു. മാത്യു അറയ്ക്കൽ അച്ചനും പ്രസിഡന്റ് ശ്രീമതി ജിജി മത്തായിക്കും നൽകി പ്രകാശനം ചെയ്തു. തുടർന്ന് ഡയറക്ടർ ബഹു. മാത്യു അറയ്ക്കൽ അച്ചൻ എഴുതി ഈണം നൽകിയ MCMF ആന്തം, അഭിവന്ദ്യ പിതാക്കന്മാർ തിരുവല്ലാ അതി ഭദ്രാസന സമിതി പ്രസിഡന്റിന് നൽകി പ്രകാശനം ചെയ്തു. പ്രസ്തുത ദിനാഘോഷത്തിൽ പാറശ്ശാല ഭദ്രാസന സമിതിയംഗങ്ങൾ പങ്കെടുത്തു.

## പുനരൈക്യ സഭാസംഗമ ഒരുക്ക പ്രാർത്ഥനയും സെമിനാറും

MCMF 2024–25 വർഷത്തെ ഭദ്രാസന കർമപദ്ധതി 2024 ഏപ്രിൽ 6 ശനിയാഴ്ച, ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത, ചാരോട്ടുകോണം സെന്റ് ജോർജ്ജ് മലങ്കര



സുറിയാനി കത്തോലിക്കാ പള്ളിയിൽ വച്ച് നിർവഹിച്ചു. പ്രസ്തുത മാതൃ സംഗമത്തിൽ വച്ച് 94-ാം പുനരൈക്യ സഭാ സംഗമത്തിനായുള്ള ഒരുക്ക പ്രാർത്ഥനയും വഞ്ചിയും അമ്മമാർക്ക് നൽകി ഉത്ഘാടനം ചെയ്തു. ഭദ്രാസന വികാരി ജനറാൾ മോൺ. ജോസ് കോണത്തുവിള അച്ചനും ഭദ്രാസനത്തിലെ ബഹു. വൈദികരും സിസ്റ്റേഴ്സും സന്നിഹിതരായിരുന്നു.

തുടർന്ന്, ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ ഇടവക, ജില്ലാ തലങ്ങളിൽ 94-ാം പുനരൈക്യ സഭാസംഗമത്തിനായുള്ള ഒരുക്ക പ്രാർത്ഥനയും വി. കുർബാനയുടെ ആരാധനയും ഓരോ മാസവും നടന്നു. ജില്ലാ തലങ്ങളിൽ പുനരൈക്യ സഭാ സംഗമത്തിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് വിവിധ സെമിനാറുകൾ സംഘടിപ്പിച്ചു. ഭദ്രാസന തലത്തിൽ മെയ് 18-ന് തൂങ്ങാംപാറ സെന്റ് ജോർജ്ജ് മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയിൽ വച്ച് സഭാതലസമിതി സന്ദർശനവും പുനരൈക്യ സഭാസംഗമത്തിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് സെമിനാറും ആരാധനയും സംഘടിപ്പിച്ചു. ബഹു. മാത്യു കുന്നുംപുറത്ത് അച്ചൻ ക്ലാസുകൾക്ക് നേതൃത്വം നൽകി. ഓഗസ്റ്റ് 25-ന് ചെറുവാരക്കോണം, വി. പത്താം പീയൂസ് മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയിൽ വച്ച് പുനരൈക്യ സഭാസംഗമത്തിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് സെമിനാറും ആരാധനയും രണ്ടാമതും സംഘടിപ്പിച്ചു. ബഹു. ഡോ. ബർണാഡ് വലിയവിള അച്ചൻ ക്ലാസുകൾക്ക് നേതൃത്വം നൽകി. പുനരൈക്യ സഭാസംഗമ ഒരുക്കങ്ങൾക്കും ആഘോഷത്തിനും വിവിധ കമ്മിറ്റികളിലായി MCMF അമ്മമാരുടെ മികച്ച പങ്കാളിത്തം ഉണ്ടായിരുന്നു.




# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

## വനിതാ സെമിനാർ




സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ പാറശ്ശാല സെൻട്രൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ എരുത്താവൂർ സേക്രട്ട് ഹാർട്ട് ദൈവാലയത്തിൽ വച്ച് 2024 നവംബർ 9 രാവിലെ 8.30 ന് രജിസ്ട്രേഷനോടുകൂടി ആരംഭിച്ചു. CC യുടെ ആദ്ധ്യാത്മിക ഉപദേഷ്ടാവ് റവ. ഫാ. ആൻറണി പ്ലാംപറമ്പിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. പാറശ്ശാല CC പ്രസിഡന്റ് അദ്ധ്യക്ഷനായിരുന്നു. റവ. ഫാ. ബോസ്കോ ചാലറയ്ക്കൽ, അനുഗ്രഹീതമായ സെമിനാർ നയിച്ചു. ദിവ്യകാരുണ്യ ആരാധനയോടെയും വന്ദ്യ വൈദികരുടെ ആശിർവാദത്തോടെയും ഉച്ചയ്ക്ക് 1.30 ന് സമാപിച്ചു. വനിതാ പ്രതിനിധികളായ സിസ്റ്റർ. പ്രീതാരമണിയും സിസ്റ്റർ ജയാ തോമസും സെമിനാറിന് നേതൃത്വം നൽകി. പോങ്ങുംമൂട് AC യുടെ ആദ്ധ്യാത്മിക ഉപദേഷ്ടാവ് റവ. ഫാ. ജോസ് പാറയിൽകട, കാനകുഴി ഏര്യാ കൗൺസിൽ ആദ്ധ്യാത്മിക ഉപദേഷ്ടാവ് റവ. ഫാ. ജറിൻ എന്നിവർ സെമിനാറിന് ആശംസകൾ അർപ്പിച്ചു. പ്രസ്തുത സെമിനാറിൽ വച്ച് പാറശ്ശാല CC യുടെ പുതിയ വനിതാ കമ്മിറ്റി രൂപീകരിച്ചു. 125 ഓളം വനിതകളും പാറശാല CC യിലെ ഭാരവാഹികളും AC പ്രസിഡന്റുമാരും സംബന്ധിച്ചു.





## DIOCESE OF PARASSALA
## LOGOS QUIZ 2024 – RANK LIST

| Gr. | RANK | NAME | HOUSE NAME | PARISH | DOB | DISTRICT |
|---|---|---|---|---|---|---|
| A | I | SERAH MARIAM | N T BHAVAN | CHAROTTUKONAM | 13/05/2014 | PARASSALA |
| | II | ASMITHA | | KODANGAVILA | 05/08/2014 | NEYYATTINKARA |
| | III | ANUGRAHA THOMAS | | KODANGAVILA | 26/02/2014 | NEYYATTINKARA |
| B | I | ANAKHA S. J. | NAZRETH HOME | NALLOORVATTAM | 12/10/2008 | PARASSALA |
| | II | MEREENA G. S. | ALUMOOTTUVILA | MALAYINKEEZHU | 04/04/2008 | KATTAKADA |
| | III | DHRISYA SANTHOSH | SEHIYON | CHAROTTUKONAM | 21/07/2012 | PARASSALA |
| C | I | SHALINI T. | AYANIYARATHALA PUTHENVEEDU | KUDAYAL | 16/01/1996 | PARASSALA |
| | II | ANCY S. ANIL | | BALARAMAPURAM | 22/02/1997 | BALARAMAPURAM |
| | III | MINIMOL P. R. | SANTHI BHAVAN | PEZHUMOODU | 02/09/1993 | KATTAKADA |
| D | I | BINDHU L. T. | EBY BHAVAN | KONNIKONAM | 21/05/1978 | KATTAKADA |
| | II | AJITHA JOY | AJITHA BHAVAN | PONNEDUTHAKUZHY | 21/02/1985 | KATTAKADA |
| | III | SIMI MARY | ANGEL VILLA | PUTHENKAVUVILA | 25/05/1984 | KATTAKADA |
| E | I | TRESSYA SUDHAKARAN | VENNKULAM | PAZHAYA -UCHAKADA | 01/01/1961 | PARASSALA |
| | II | Rev. Sr. MERCY KUNNATHU S. H. | S. H. CONVENT | KUTTICHAL | 26/1/1960 | KATTAKADA |
| | III | LEELA S. | CHRISTOPHER MANDIRAM | CHANAIKONAM | 10/04/1962 | CHEMBOOR |
| F | I | ESTHER R. | BETHEL BHAVAN | KOTTAMAM | 18/08/1952 | PARASSALA |
| | II | PUSHPA BHAI | KURISHINKAL | CHAIKKOTTUKONAM | 20/05/1959 | PARASSALA |
| | III | ELIZABETH P. | KALLAMPOTTA VEEDU | PAMPUKALA | 20/06/1945 | NEYYATTINKARA |



# Kshema Integrated Development Society (KIDS)

## സജീവം




കാരിത്താസ് ഇന്ത്യയുടെയും കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെയും ആഭിമുഖ്യത്തിൽ നടന്നുവരുന്ന സജീവം ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി, ബാലരാമപുരം, പിൻകുളം എന്നീ യൂണിറ്റുകളിലും, നെല്ലിമൂട് സെന്റ് ക്രിസോസ്റ്റംസ് ഗേൾസ് ഹൈസ്കൂളിലും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു.